# കിരാതം അമ്മാനപ്പാട്ട്

ഡോക്ടർ കെ. ഭാസ്കരൻ നായർ

പാട്ടോടുകൂടിയുള്ള അമ്മാനയാട്ടം ഞാൻ കണ്ടിട്ടില്ല. ഒരുകാലത്ത് ഈ കലാരൂപം നമ്മുടെനാട്ടിൽ വളരെയധികം ജനപ്രീതിയും പ്രചാരവും നേടിയിരുന്നതായി പറയുന്നു. ഇന്ന് ഉത്സവങ്ങൾക്കും, സ്കൂൾവാർഷികങ്ങൾക്കും, രാഷ്ട്രീയ യോഗങ്ങൾക്കുപോലും, ഒഴിച്ചുകൂടാത്തതായിതീർന്നിട്ടുള്ള കലാപരിപാടികളിൽ നാടകങ്ങൾക്കും നൃത്തങ്ങൾക്കും സിനിമാഗാനങ്ങൾക്കുംഉള്ള സ്ഥാനം മുൻകാലങ്ങളിലെ നാട്ടുകൂട്ടങ്ങളിൽ നാടൻ കലകളാണ് വഹിച്ചിരുന്നത്. തുള്ളലും കൂത്തും വില്ലടിച്ചാൻപാട്ടും അമ്മാനയാട്ടവും മററും സർവ്വസാധാരണയായിരുന്നുവത്രേ. ഇവയിൽ പലതും നശിച്ചുകഴിഞ്ഞു. മററുള്ളവ ഓരോന്നായി അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. ഇന്ന് നല്ലമട്ടിൽ ഒരു ഓട്ടൻതുള്ളൽ നടത്തുവാൻ സാധ്യമല്ലാതായിരിക്കുന്നു. തുള്ളൽക്കാർ എന്ന കലാകാരന്മാർതന്നെ ഇല്ലാതായിരിക്കുകയാണ്. മലബാർ രാമൻനായരായിരുന്നു പ്രസിദ്ധനായ അവസാനത്തെ തുള്ളൽക്കാരൻ എന്നു തോന്നുന്നു.

ഇന്ന് പ്രചാരം നേടിയിരിക്കുന്ന കലാരൂപങ്ങളും ചിരംജീവികളാണെന്നു പറഞ്ഞുകൂടാ. അവയ്ക്കുതമ്മിൽ ഇപ്പോൾതന്നെ തീക്ഷ്ണമായ മത്സരമുണ്ട്. നാടകവും നൃത്തവും തമ്മിലും, ഇവ രണ്ടുംകൂടി സിനിമാപ്പാട്ടിനോടും, അതികഠിനമായി മത്സരിക്കുകയാണ്. അവസാനം സിനിമാപ്പാട്ടാണ് ജയിക്കാൻപോകുന്നതെന്നും ഏറെക്കുറെ സ്പഷ്ടമായിട്ടുണ്ട്. അതിന് പാട്ടുകാരും മൈക്കും മതിയല്ലൊ. സ്റേറജും കർട്ടനും വർണ്ണക്കടലാസ്സൊട്ടിച്ച വൈദ്യുതവിളക്കുകളും ഒന്നുംവേണ്ട. വളരെ സൗകര്യമാണ്.

അമ്മാനയാട്ടത്തിൽ പ്രാവീണ്യം നേടിയിരുന്നത് ചിലപ്രത്യേക സമുദായങ്ങളിൽപ്പെട്ട സ്ത്രീകളായിരുന്നു. ദീർഘകാലത്തെ പാരമ്പര്യത്തിന്റെയും പരിശീലനത്തിന്റെയും ഫലമായി ആരെയും അതിശയിപ്പിക്കുന്ന വൈദഗ്ധ്യം നേടിയ അമ്മാനയാട്ടക്കാരെപ്പററി കേട്ടിട്ടുണ്ട്. അഞ്ചും ആറും പന്തുകൾകൊണ്ട് ഏററവും ഹൃദയാവർജ്ജകമായരീതിയിൽ ആടുന്ന സ്ത്രീകൾ പല ഗ്രാമങ്ങളിലും ഉണ്ടായിരുന്നതായിപ്പറയുന്നു. പന്തുകൾ എറിഞ്ഞുപിടിക്കുന്ന കൈമിടുക്കിനെക്കാൾ, പാട്ടിന്റെ ഭാവത്തിനും രാഗത്തിനും അനുരൂപമായി പലപല താളങ്ങളിലും കാലങ്ങളിലും, ചലനരൂപങ്ങളിലും, ആടുന്നതാണ് ഈ കലയുടെ ജീവൻ. അതിന്റെ ആരോഹണാവരോഹണവൈചിത്ര്യങ്ങളും മനോധർമ്മവിലാസങ്ങളും പൊടിക്കൈകളും എല്ലാം നമുക്കിന്ന് ഊഹിക്കുവാനേ കഴിയുന്നുള്ളു. ശ്രുതിമധുരമായ ശബ്ദത്തെയും സുന്ദരമായ ചലനത്തെയും സമ്മേളിപ്പിക്കുന്ന എത്രയോ കലാരൂപങ്ങളെപ്പോലെ അമ്മാനയാട്ടവും അങ്ങേയററത്തെ ആനന്ദാനുഭൂതി ജനിപ്പിക്കുവാൻ കഴിവുള്ളതാണെന്ന് കരുതേണ്ടിയിരിക്കുന്നു. അമ്മാനപ്പന്തുകൾ മരത്തിലും, ചെമ്പിലും, വെള്ളിയിലും, ഒരുപക്ഷെ സ്വർണ്ണംപൂശിയ ലോഹത്തിലും, ഉണ്ടായിരുന്നുവത്രെ. ചിലതിന്റെ ഉള്ളിൽ കിലുങ്ങുന്ന തരികളിട്ട് മനോഹരമായ സ്വരങ്ങളും ഉണ്ടാക്കിയിരുന്നു.

ഈ കലാരൂപം അപ്രത്യക്ഷമായെങ്കിലും, കടലാസ്സിന്റെയും അച്ചടിയുടെയും കാരുണ്യംകൊണ്ട്, അതിന്ന് ഉപയോഗിച്ചിരുന്ന ചില പാട്ടുകൾ അവശേഷിച്ചിട്ടു

Digitized by Kerala Sahitya Akademi

ണ്ടു്, അതായതു്, പാട്ടിന്റെ സാഹിത്യം അക്ഷരങ്ങളായി നമുക്കു് കിട്ടിയിട്ടുണ്ടെന്നു് അർത്ഥം. പക്ഷെ കടലാസ്സിൽ അച്ചടിച്ച അക്ഷരങ്ങൾ തനിയെ പാടുകയില്ലല്ലോ. രാഗവും ചിലപ്പോൾ താളവും അച്ചടിയിൽ സൂചിപ്പിച്ചു കാണുമെങ്കിലും, പണ്ടുകളുപയോഗിച്ചു് ആടുമ്പോൾ പാടുന്ന പാട്ടിന്റെ രീതിയും രസികത്തങ്ങളും ഊഹിക്കുവാൻ പോലും നമുക്കു് സാധ്യമല്ലാതെയാണിരിക്കുന്നതു്. മനുഷ്യരുടെ ജീവിതരീതിക്കും അഭിരുചികൾക്കും മൂല്യബോധങ്ങൾക്കും വ്യത്യാസം വരുത്തുന്ന സാമൂഹികപരിവർത്തനങ്ങൾ ഉണ്ടാകുമ്പോൾ പഴയ കലാരൂപങ്ങൾ നശിച്ചു പോകുന്നതു് സ്വാഭാവികമാണു്. അങ്ങിനെ സംഭവിച്ചു കഴിഞ്ഞാൽ, അവയുടെ സാഹിത്യം മാത്രം അച്ചടിച്ചു കിട്ടിയതുകൊണ്ടു് ഒരു പ്രയോജനവുമില്ല. കഥകളി ഇല്ലാതായിട്ടു് ആട്ടക്കഥകൾ മാത്രം, അർത്ഥവും വ്യാഖ്യാനവും ചേർത്തു്, മനോഹരമായി അച്ചടിച്ചു കിട്ടിയാൽ എന്താണു് പ്രയോജനം? അവയെപ്പററി ശുദ്ധമേ സാഹിത്യപരമായ ചർച്ചകൾ നടത്താം. ഒട്ടുമിക്ക കഥകളും അങ്ങിനെയുള്ള ചർച്ചയ്ക്കു് വക തരുന്നവയുമല്ല. സാഹിത്യമൂല്യത്തെ മുൻനിർത്തി എഴുതപ്പെട്ടതാണെങ്കിലല്ലേ ആ വഴിക്കു് പരിശോധിക്കേണ്ടതുള്ളൂ. എത്രയോ തവണ എത്രയോ രൂപങ്ങളിൽ എത്രയോ കവികൾ കൈകാര്യം ചെയ്തിട്ടുള്ള പുരാണകഥകളെ ഇതിവൃത്തമായെടുത്തു്, ഒരു പ്രത്യേക കലാരൂപത്തിന്റെ സംഗീതാത്മകമായ ആവശ്യത്തിനും, ഭാവപ്രകാശന സൗകര്യത്തിനും വേണ്ടി നിർമ്മിച്ചിട്ടുള്ള ആട്ടപ്പാട്ടുകളിലും അമ്മാനപ്പാട്ടുകളിലും നൂതനമായ ആശയങ്ങളും ശ്രേഷ്ഠമായ ചിന്താഗതികളും മറെറങ്ങും കാണാത്ത സാഹിത്യഭംഗികളും അന്വേഷിക്കുന്നതു് കഥയില്ലായ്മയാണു്. തനി സാഹിത്യത്തിനുപോലും അച്ചടിച്ച അക്ഷരങ്ങളിലൂടെ പകർന്നുതരുവാൻ കഴിയാത്ത ഭാവങ്ങളും മൂല്യങ്ങളും ഉണ്ടു്. അങ്ങിനെയിരിക്കെ, പാടേ ഭിന്നമായ കലാപ്രകടനങ്ങൾക്കു് ഉപദംശമായി മാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ള കൃതികളെ കഥയുടെയും കവിതയുടെയും വീക്ഷണകോടിയിൽ നിന്നു് നിരൂപണം ചെയ്യുന്നതിൽ അർത്ഥമില്ല. മരിച്ചുപോയ കലാരൂപത്തിന്റെ അസ്ഥിപഞ്ജരം എന്നുപോലും അവയെ നിർവചനം ചെയ്യുവാൻ സാദ്ധ്യമല്ല, അങ്ങിനെ ഒരു അസ്ഥിപഞ്ജരമുണ്ടെങ്കിൽ അതു് വാഗർത്ഥാത്മകമല്ല, രാഗതാളാത്മകമാണു്.

ഇങ്ങനെ പറഞ്ഞതുകൊണ്ടു് പ്രസ്തുതകൃതികൾ സംഗീതമയമാണെന്നും സിദ്ധിക്കുന്നില്ല. സാഹിത്യത്തെക്കാൾ സംഗീതത്തോടാണു് അവയ്ക്കു് കൂടുതൽ അടുപ്പം എന്നേ കരുതേണ്ടതുള്ളൂ. സംഗീതശാസ്ത്രവും അവയിൽ ഉപദംശമായി മാത്രമാണു് അന്തർഭവിക്കുന്നതു്. സാഹിത്യത്തിനും സംഗീതത്തിനും അടിസ്ഥാനഭൂതമായ ഉപാധികളിൽ നിന്നുഭിന്നമായി, സുന്ദരചലനങ്ങളെയും താളഭേദങ്ങളെയുംകൊണ്ടു്, ഭാവപ്രകാശനം സാധിച്ചു് സഹൃദയനെ ആനന്ദിപ്പിക്കുന്ന കലകളുടെ അവശിഷ്ടങ്ങളാണവ. ഈ വസ്തുത മനസ്സിലാക്കാതെയാണു് ശാസ്ത്രീയ സംഗീതത്തിന്റെ ആരാധകന്മാർ കഥകളിയിലെയും തുള്ളലിലെയും പാട്ടുകളെപ്പററി പരാതിപറയുന്നതു്. ആട്ടപ്പാട്ടുകളും, ഒരുപക്ഷേ തുള്ളൽപ്പാട്ടുകളും, ശാസ്ത്രീയ സംഗീതത്തിന്റെ ചിട്ടകളെ ധ്വംസിക്കാതെ പാടുവാൻ സാധിച്ചേക്കാം. പാടുന്നവരും ഉണ്ടായിരിക്കാം. പക്ഷെ അവയുടെ സ്ഥാനം റേഡിയോനിലയങ്ങളിലോ പാട്ടുകച്ചേരികളിലോ ആണു്. ആട്ടത്തിന്റെയും തുള്ളലിന്റെയും അരങ്ങത്തല്ല. ആ അരങ്ങത്തു് പ്രയോഗിക്കപ്പെടുന്ന കല സാഹിത്യമല്ലാത്തതുപോലെ, സംഗീതവുമല്ല.

ഈ ചിന്തകളാണു് യശ:ശരീരനായ മൂലൂർ പത്മനാഭപ്പണിക്കർ അവർകളുടെ ജന്മശതാബ്ദി പ്രമാണിച്ചു് പ്രസിദ്ധപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന സ്മാരക ഗ്രന്ഥത്തിൽ ചേർക്കുന്നതിനുവേണ്ടി, അദ്ദേഹം എഴുതിയ കിരാതം അമ്മാനപ്പാട്ടിനെപ്പററി ഒരു ലേഖനം തയ്യാറാക്കുവാൻ ശ്രമിച്ചപ്പോൾ എന്റെ മനസ്സിലുണ്ടായതു്. ഈ കൃതി ഞാൻ ഇതിനുമുമ്പു കണ്ടിട്ടില്ല. അദ്ദേഹം ഞങ്ങളുടെ ആററുവഴിക്കു് ജനിച്ചയാളും, ആ പ്രദേശങ്ങളിൽ ജീവിച്ചു്, പത്രങ്ങളുടെയും മാസികകളുടെയും പ്രളയം തുടങ്ങുന്നതിനു മുമ്പുള്ള ഒരു കാലഘട്ടത്തിൽ, സാഹിത്യയത്നം ചെയ്തു് പ്രസിദ്ധി നേടി, സഹൃദയ ലോകത്തെ അത്യധികം രസിപ്പിച്ച അനുഗൃഹീത കവിയുമാണു്. ബാല്യകാലത്തു് ഞാൻ അദ്ദേഹത്തിന്റെ പ്രസംഗം കേട്ടിട്ടുണ്ടു്.

വന്ദനശ്ലോകങ്ങളിൽ കവിതന്നെ പ്രസ്താവിച്ചിട്ടുള്ളതുപോലെ ഈ "കന്ദുക നർമ്മഗീതം" മൂലൂരിന്റെ ഒരു ബാല്യകാല കൃതിയാണു്. ഇരുപതിനോടടുത്ത പ്രായത്തിലാണു് ഇതെഴുതിയതെന്നു് കാണുന്നു. ഇരുപതല്ല നാല്പതായാലും ഈ കൃതിയിലെ ശ്ലോകങ്ങളിലും പാട്ടുകളിലും പ്രദർശിപ്പിച്ചിട്ടുള്ള പദ്യരചനാ പാടവം അത്ഭുതകരമാണെന്നു് ആരും സമ്മതിക്കും. ശ്ലോകങ്ങൾ തനി സംസ്കൃതത്തിലും മലയാളത്തിലുമുണ്ടു്, പാട്ടുകൾ മുഴുവനും മനോഹരമായ മലയാളശൈലിയിലാണു്. ഇമ്മാതിരി ഗാനപ്രധാനമായ കൃതികളിൽ താളത്തിന്റെയും പ്രാസത്തിന്റെയും തികവിനുവേണ്ടി നിരർത്ഥക പദങ്ങൾ ധാരാളമായി ഉപയോഗിക്കേണ്ടിവരുന്ന ഗതികേടു് പല കവികളിലും കണ്ടിട്ടുണ്ടു്. ആട്ടക്കഥകളിൽ ഇതിനു് ധാരാളം ഉദാഹരണങ്ങൾ കാണാവുന്നതാണു്. എന്നാൽ, ബാല്യകാലത്തു് എഴുതിയതാണെങ്കിലും, ഈ അമ്മാനപ്പാട്ടിൽ മൂലൂരിനു് ഈ പ്രയാസം ഉണ്ടായിട്ടില്ല. ശ്ലോകങ്ങളും പാട്ടുകളും ഒന്നുപോലെ മാതൃകായോഗ്യമായ രചനാഭംഗിയോടെ ശോഭിക്കുന്നു. ഈ കൃതി രചിച്ച കാലത്തു തന്നെ അദ്ദേഹം കവനകലയിൽ അസാധാരണമായ കൈവിരുതു നേടിക്കഴിഞ്ഞിരുന്നു എന്നാണു് ഈ വസ്തുത തെളിയിക്കുന്നതു്. ഇതൊക്കെയാണെങ്കിലും, ഈ കൃതി വായിച്ചു രസിക്കാനല്ലാതെ, അതു് അമ്മാനക്കളിയിൽ പ്രയോഗിക്കുന്നതു് കേൾക്കുവാൻ സാദ്ധ്യമല്ലല്ലോ എന്നു് ഞാൻ ഖേദിക്കുന്നു. വായിച്ചു രസിക്കാനാണെങ്കിൽ, എത്രയോ മനോഹരമായ, കിരാതം തുള്ളലുണ്ടു്. സാക്ഷാൽ കുഞ്ചൻ തന്നെ എഴുതിയ ഓട്ടൻതുള്ളൽ. അതു തനിയെയും നോക്കി വായിച്ചപ്പോൾ ഉണ്ടായതിനേക്കാൾ നൂറു മടങ്ങു് രസാനുഭൂതി രാമൻനായർ തുള്ളിക്കേട്ട



Digitized by Kerala Sahitya Akademi

പ്പോൾ ലഭിക്കുകയുണ്ടായി. അതുപോലെ ഈ ഗാന കൃതിയും അമ്മാനയാട്ടത്തിന്റെ സാങ്കേതികരീതിയിൽ ചൊല്ലിക്കേൾക്കാൻ സാധിച്ചെങ്കിൽ അതിന്റെ മനോ ഹാരിത എത്രയോ അധികം വർദ്ധിക്കുമായിരുന്നു. എന്നാലും, വെറും കവിത എന്ന രീതിയിൽ നോക്കിയാൽ തന്നെയും ഈ കൃതി വളരെ ആകർഷകമാണ്. ഈ വന്ദനശ്ലോകം നോക്കുക:

തനവാനാം ചണ്ഡമുണ്ഡപ്രശമനമമര-
പ്രീതയേ ശുംഭിതാംഘ്രിം
ഭൂയോപി സർവധുടീനികരക ചണ്ഡര-
പ്രോച്ചലൽ ഭൃംഗജാലൈഃ
പുഷ്പശ്രീ മദ്ധ്യരാഷ്ട്രപ്രകലിതനിലയാ-
മഭ്രസങ്കാശഗാത്രീം
വന്ദേ മാതംഗകണ്ഠീരവവിഹിതമഹാ
കർണ്ണികാം ഭദ്രകാളീം

മദ്ധ്യരാഷ്ട്രം എന്നു പറഞ്ഞിരിക്കുന്നതു് മൂലൂരിന്റെ ജന്മദേശമായ ഇടനാടാണ്. അർജ്ജുനന്റെ തപസ്സുവ ർണ്ണിക്കുന്ന, "ആട്ടം ഫണിച്ചട്ടം" എന്ന മട്ടിലുള്ള പാട്ടാ ണ് താഴെ കൊടുക്കുന്നതു്:—

കുന്തീസുതനർജ്ജുനനഥ സന്തോഷസമേതം
അന്തകസുതഭീമാദികളോടനുമതി വാങ്ങി
മന്ദരഗിരിനായകനുടെ താഴ്‌വരയതിലേറി
സുന്ദരതരനിസ്രാത്മജനങ്ങവിടൊത ഭാഗേ
മൃത്യുഞ്ജയ സേവയ്ക്കു തുനിഞ്ഞാൻ വിജയൻ താൻ
ശാസ്ത്രാദികളൊക്കെയുമി വൃക്ഷത്തിലുമാക്കി
ചീരാംബര മമ്പോടു ധരിച്ചിട്ടു സുകുമാരൻ
പാരാതെ മഹേശങ്കലുറപ്പിച്ചു ചിത്തം
പാദാംബുജ മൊന്നങ്ങതി മോദത്തോടുയർത്തി
പ്രദ്യോതനബിംബേ നിജദൃഷ്ടിദ്വയമൂന്നി
പാണിദ്വയമമ്പോടുനിജ മൗലിയിലഥ ചേർത്തി-
ട്ടേണാങ്ക കുലത്തിന്നു വിളക്കായ കിരീടി
ഗംഗാധരനെത്തന്നെ നിനച്ചനുദിനമേവം
മങ്ങാതെതപംചെയ്യുവസിച്ചീടുശുഭശീലൻ.

ഇതിലെ പ്രാസത്തിന്റെയും താളത്തിന്റെയും നിപാത ങ്ങളിൽ നിന്നു് അമ്മാനപ്പന്തുകളുടെ ആന്ദോളനങ്ങൾ വി ഭാവനം ചെയ്യാവുന്നതാണ്.

മനോഹരമായ ഈ പാട്ടും, അതിന് ചൈതന്യവും സൗന്ദര്യവും നൽകുന്ന നാടൻകലയും, വീണ്ടും പ്രചാര ത്തിൽവരുവാൻ ഇടയാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. അനുഗൃഹീത കവിയായ മൂലൂരിന്റെ നാമവും വീണ്ടും പ്രസിദ്ധിയാർജ്ജിക്കട്ടെ.

★

ഞാനെന്നുമേനെന്നുമഹന്ത മൂലം
നാനെന്നുമാനെന്നു മദഭ്രകാലം
മാനം നശിക്കുന്നു നരപ്പുഴക്ക-
ളാനന്ദഭൂതേശ്വര ദേവശംഭോ.

ആ നേമിപോലുള്ള ഭവഭ്രമത്താൽ
താനേ തിരിഞ്ഞും നെട്ടനാൾ മറഞ്ഞും
കോനേവനെന്നോർമ്മ മറഞ്ഞു ഞങ്ങൾ-
ക്കാനന്ദഭൂതേശ്വരദേവശംഭോ.

പാനാശനൈകാശവളന്ന മൂലം
ഞാനാശയേ നിന്നെ മറന്നു പോയി
പീനാദരം സംപ്രതികുമ്പിടുന്നേ-
നാനന്ദഭൂതേശ്വര ദേവശംഭോ.

ശ്രീനാഗസന്ദോഹമണിഞ്ഞു കൈയിൽ
മാനും തിരുശ്ശൂലവുമുത്തമാംഗേ
വാനിൻ ധുനീവാരിയുമേന്തിടമ്പു-
മാനന്ദഭൂതേശ്വര ദേവശംഭോ.

(ആനന്ദ ഭൂതേശ്വരസ്തവം.)



Digitized by Kerala Sahitya Akademi